LIBRARY ARCHIVES Kerala Legislative Assembly

തുറമുഖമാണ്. ഇവിടെ വ്യാപാരം നടക്കുന്നതിൽ 97 ശതമാനവും കേരളത്തിന്റേതാണ്. അന്തർദേശീയ ശ്രദ്ധയാകർഷിച്ച കൊച്ചിയുടെ വികസനത്തിന് നടപടികൾ സ്വീകരിക്കണ്ടേ? അതുപോലെ അനന്തസാദ്ധ്യതകളുള്ള വിഴിഞ്ഞം തുറമുഖത്തിന്റെ പുരോഗതിയും വളർച്ചയുമായി ബന്ധപ്പെടുത്തി എന്തെങ്കിലും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടേ? അതുപോലെതന്നെയാണ് കേരളത്തിലെ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ കാര്യവും. മിനി ബസുകൾ 238 എണ്ണം വാങ്ങിച്ചു. ടാറ്റാ, ലെയ്ലാന്റ്, ഐഷർ കമ്പനികളിൽ നിന്നാണ് വാങ്ങിച്ചത്. കരാർ വ്യവസ്ഥപ്രകാരം ഒരു ബസിന് കിലോമീറ്ററിന് 60 പൈസ വച്ച് മെയിന്റനൻസിന് വേണ്ടി കൊടുക്കണം. യഥാർത്ഥത്തിൽ മെയിന്റനൻസിന് വരുന്ന ചെലവുകൾ കൃത്യമായിട്ട് കൊടുക്കണം. അതിനുപുറമെ മെയിന്റനൻസ് നടന്നില്ലെങ്കിലും 60 പൈസ ഒരു കിലോമീറ്ററിന് കൊടുക്കണം. അങ്ങനെ വന്നാൽ ഒന്നാമത്തെ വർഷം 35,700 രൂപ, രണ്ടാമത്തെ വർഷം 59,500 രൂപ, മൂന്നാമത്തെ വർഷം 80,325 രൂപ കൊടുക്കണം. സാധാരണഗതിയിലുള്ള മെയിന്റനൻസിന് ആവശ്യമായ പണം കൊടുക്കണം, അതിനുപുറമെ ഒരു കാര്യവുമില്ലാതെ ഇങ്ങനെ ഒരു കരാർ വ്യവസ്ഥ കേരളത്തിലെ റോഡ് ട്രാൻസ്പോർട്ട് വിഭാഗത്തിൽ ഉണ്ടാക്കിയിരിക്കുകയാണ്. ആ നിലയിൽ കേരളത്തിന്റെ സാമൂഹ്യപുരോഗതിയിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന സഹകരണ മേഖല ഗുരുതരമായ പ്രശ്നങ്ങളും പ്രതിസന്ധികളും ഉയർത്തികൊണ്ടുവരുന്നു. ആ ഒരു സമീപനം സ്വീകരിക്കുന്ന സഹകരണ മേഖലയും സഹകരണ വകുപ്പും ഗതാഗത വകുപ്പും കൊണ്ടുവന്നിട്ടുള്ള ഈ ധനാഭ്യർത്ഥനകളെ ഏറ്റവും ശക്തമായ രൂപത്തിൽ ഞാൻ എതിർക്കുകയാണ്.

## VIII (a) ക്രമപ്രശ്നം

### നിയമസഭാ സമ്മേളനം നടത്തുമ്പോൾ മന്ത്രിയുടെ രാജി പ്രസ്താവന സഭയ്ക്കുള്ളിൽ നടത്തണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾ 64, മന്ത്രിസഭയ്ക്ക് വേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ ഡിമാന്റ്സ് അവതരിപ്പിച്ചിരിക്കുന്നത്. രാവിലെ ഡിമാന്റ് അവതരിപ്പിക്കുന്ന സമയത്ത് മന്ത്രിസഭയിൽ 19 പേരുണ്ടായിരുന്നു. ഈ ഡിമാന്റ് അവതരിപ്പിച്ചതിനുശേഷം ഒരു മന്ത്രി രാജി വച്ചു. രാജിവയ്ക്കുന്നത് സംബന്ധിച്ച് നമ്മുടെ നിയമസഭാചട്ടം റൂൾ 64 വ്യക്തമായിട്ട് അനുശാസിക്കുന്നുണ്ട്. നിയമസഭ ചേർന്നുകൊണ്ടിരിക്കുന്ന സമയത്ത് ഒരു മന്ത്രി രാജി പ്രസ്താവന ചെയ്യേണ്ടത് നിയമസഭയ്ക്ക് അകത്താണ്. എന്നാൽ ബഹുമാന്യനായ മന്ത്രി അനിൽകുമാർ രാജി പ്രസ്താവന നൽകിയിട്ടുള്ളത് നിയമസഭയോട് ചേർന്നുകിടക്കുന്ന പ്രസ്ഗ്യാലറിയിൽ വച്ചാണ്. അദ്ദേഹം മുഖ്യമന്ത്രിക്ക് നൽകിയ കത്ത് നിയമസഭയ്ക്ക് അകത്താണ് വ്യക്തമാക്കേണ്ടത്. നിയമസഭയ്ക്ക് പുറത്ത് ആ കത്ത് വ്യാപകമായി പ്രചരിക്കുകയാണ്. എന്റെ കയ്യിൽ ആ കത്തിന്റെ ഒരു

കോപ്പി കിട്ടിയിട്ടുണ്ട്. ഇത് നിയമസഭയോടുള്ള അങ്ങേയറ്റത്തെ അവഹേളനമാണ്. നിയമസഭ ചേർന്നു കൊണ്ടിരിക്കെ ഒരു മന്ത്രി ഇങ്ങനെ ചെയ്യുന്നത് ശരിയാണോ? മന്ത്രി ആ പ്രസ്താവന പിൻവലിച്ചതായിട്ടും, രാജി പിൻവലിച്ചതായിട്ടും ഒരു വാർത്ത പ്രചരിക്കുന്നുണ്ട്. അത് ശരിയാണോ? ഇപ്പോൾ മന്ത്രിസഭയിൽ എത്ര ആളുകളുണ്ട്? രാവിലെ 19 പേരുണ്ടായിരുന്നു, ഇപ്പോൾ 18 പേർ മാത്രമാണുള്ളത്. ഇപ്പോൾ മന്ത്രിമാർ ചെയ്യുന്ന ഈ പ്രസ്താവന 18 അംഗ മന്ത്രിസഭയ്ക്ക് വേണ്ടിയാണോ അതല്ല 19 അംഗ മന്ത്രിസഭയ്ക്ക് വേണ്ടിയാണോ? അതുസംബന്ധിച്ച് വ്യക്തമായിട്ടുള്ള റൂളിംഗ് ബഹുമാനപ്പെട്ട സ്പീക്കറിൽ നിന്നും കിട്ടിയതിന് ശേഷമായിരിക്കണം ഈ രണ്ട് മന്ത്രിമാർ മറുപടി പറയേണ്ടതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

## (b) റൂളിംഗ്

മി. സ്പീക്കർ: റൂൾ 64-ൽ 'A member who has resigned the office of Minister may, with the consent of the Speaker, make a personal statement in explanation of his resignation' എന്നാണ്. 'may' എന്നാണ്. I cannot compel. അതിന്റെ നിജസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തെ പറഞ്ഞു, ഔദ്യോഗികമായിട്ട് ഒരു വിവരവും എനിക്ക് ഇവിടെ കിട്ടിയിട്ടില്ല. മുഖ്യമന്ത്രി പറഞ്ഞു, ഒരു കടലാസ് കിട്ടിയിട്ടുണ്ടെന്ന്. അത് ഫൈനലൈസ് ചെയ്തിട്ടില്ല. സ്വീകരിച്ചിട്ടില്ല. അദ്ദേഹം കണ്ടിന്യൂ ചെയ്യുന്നുവെന്നാണ് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ ക്രമപ്രശ്നം സാധുവല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട സ്പീക്കർക്ക് ഈ സാഹചര്യത്തിൽ ഒരുപക്ഷേ അങ്ങനെയേ പറയാൻ സാധിക്കൂ. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഈ നിയമസഭ ചേർന്നുകൊണ്ടിരിക്കെ ബഹുമാനപ്പെട്ട മന്ത്രി ഈ മന്ത്രിസഭയിലുണ്ടോ എന്ന കാര്യം അറിയാതെ മന്ത്രിമാർ ചർച്ചയ്ക്ക് മറുപടി പറയാനെടുത്ത തീരുമാനത്തോട് യോജിക്കാൻ സാധിക്കില്ല. ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ, പ്രതിപക്ഷം വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, ഗതാഗതവകുപ്പിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ട് വച്ച ബഹുമാന്യരായ എല്ലാ അംഗങ്ങൾക്കും ഞാൻ ആദ്യം നന്ദി രേഖപ്പെടുത്തുന്നു. സാധാരണ ഗതാഗതവകുപ്പിനെതിരെ വളരെയേറെ വിമർശനങ്ങൾ വരാറുണ്ടെങ്കിലും അത്തരത്തിലുള്ള വിമർശനങ്ങളൊന്നും ഇപ്പോൾ വന്നിട്ടില്ല. അതിന് ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾക്ക് ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. കെ.എസ്.ആർ.ടി.സി.ക്ക് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ 25,000 സ്ഥിരം

LIBRARY ARCHIVES Kerala Legislative Assembly